**Adv. MINIMOL. V.K.**
CHAIRPERSON
HEALTH STANDING COMMITTEE
KOCHI MUNICIPAL CORPORATION

☎ Mob : 9746349605
E-mail:minimolpalarivattom@gmail.com
Achu-Anu,
Vattathipadam Road,
Palarivattom P.O.,
Kochi - 682 025

Date................................
**08.06.2016**

## സദയം പ്രസിദ്ധീകരണത്തിന്

മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റ ഭാഗമായി 08/6/2016-ന് ഉച്ചക്ക് 2.30ന് ഹെൽത്ത് കമ്മിറ്റി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിൽ നഗരസഭ ഹെൽത്ത് ഇൻസ്പെക്ടർമാരുടെയും രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭ ഹോമിയോ ഡോക്ടർമാരുടേയും സംയുക്തയോഗം ചേരുകയുണ്ടായി.

മാലിന്യനീക്കം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഹെൽത്ത് വിഭാഗം ജീവനക്കാർക്ക് കർശന നിർദ്ദേശങ്ങൾ നൽകുകയും നഗരത്തിന്റെ പരിപൂർണ്ണമായ ശുചിത്വം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചു.മാലിന്യനീക്കത്തിന് ഉപയോഗിക്കുന്ന ലോറികളിൽ നിന്നും മാലിന്യം റോഡിലേക്ക് വീഴുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ വീണ്ടും ആവർത്തിക്കാത്ത രീതിയിലുള്ള നടപടികൾ സ്വീകരിക്കുവാൻ ഹെൽത്ത് ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തുകയും ടി പ്രശ്നം പൂർണ്ണമായും പരിഹരിക്കുകയും ചെയ്തു.

മഴക്കാലത്തെ തുടർന്നുണ്ടാകുന്ന വെള്ളക്കെട്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ കിഴക്കൻ,പടിഞ്ഞാറൻ മേഖല വേർതിരിച്ച് ജെ.എച്ച്.ഐ-മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിക്കുകയുണ്ടായി.

മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരസഭയിലെ ഹോമിയോ ഡോക്ടർമാരുടെ നേതൃത്വത്തിൽ നഗരസഭയുടെ 74 ഡിവിഷനുകളിലായി കൊച്ചി നഗരസഭയിലെ 32 ഹോമിയോ ഡിസ്പെൻസറികൾ കേന്ദ്രീകരിച്ച് ഹോമിയോ മെഡിക്കൽ ക്യാമ്പും ഡിവിഷൻതല ക്യാമ്പും കൂടാതെ മൊബൈൽ മെഡിക്കൽ ക്യാമ്പും സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. 32ഹോമിയോ ഡിസ്പെൻസറികൾ, Railway station, Bus stand, Market, ജനബാഹുല്യമുള്ള ജംഗ്ഷനുകൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ചാണ് ക്യാമ്പുകൾ നടത്തുന്നത്.

മഴക്കാല പ്രശ്നങ്ങളെ നേരിടാൻ നഗരസഭ സജ്ജമാണെന്നും ആവശ്യമായ എല്ലാ മുൻകരുതലുകളും ഹെൽത്ത് വിഭാഗം സ്വീകരിച്ചിട്ടുണ്ടെന്നും ഹെൽത്ത് ചെയർപേഴ്സൻ അഡ്വ.മിനിമോൾ.വി.കെ.അറിയിച്ചു.

മേൽ വാർത്ത താങ്കളുടെ മാദ്ധ്യമത്തിൽ പ്രസിദ്ധീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു.

അഡ്വ.മിനിമോൾ.വികെ
ചെയർപേഴ്സൺ,ഹെൽത്ത് കമ്മിറ്റി
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ